'***CORRUPTION, A CRIME AGAINST NATION***'

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
വികാസ് ഭവൻ, തിരുവനന്തപുരം-33.
ഇ-മെയിൽ:vig.vacb@kerala.gov.in
ഫോൺ നമ്പർ:0471 2305393

നമ്പർ. 3 / PRO CELL / 2017 / VACB തീയതി:25/08/2017.

# മികവ് തെളിയിച്ച വിജിലൻസ് ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിച്ചു.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഉദ്യോഗസ്ഥരെ ഇന്ന് 15 .09 .2017 (വെള്ളി ) തീയതി വൈകുന്നേരം 4.30 മണിക്ക് വിജിലൻസ് ആസ്ഥാനത്തു വച്ച് കേരളാ സംസ്ഥാന പോലീസ് മേധാവി &വിജിലൻസ് ഡയറക്ടർ ശ്രീ.ലോക്നാഥ് ബെഹ്റ IPS ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിച്ചു.വിജിലൻസിൽ രണ്ടാം തവണയാണ് ഇത്തരത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിക്കുന്നത് .ആദ്യ ഘട്ടത്തിൽ 2013 ലെ മികച്ച പ്രവർത്തനത്തിന് രണ്ടും 2014 ലെ മികച്ച പ്രവർത്തനത്തിന് അഞ്ചും ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിച്ചിട്ടുണ്ട്.

2015 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച പതിനൊന്നു ഉദ്യോഗസ്ഥരെയാണ് ഇന്ന് 15.09 .2017 (വെള്ളി )വിജിലൻസ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ ആദരിച്ചത്.ശ്രീ.പി.എൻ.രമേശ് കുമാർ ഡി.സി.പി,അഡ്മിൻ &ക്രൈംസ് TVM സിറ്റി ,ശ്രീ.ആർ.മഹേഷ് DYSP,ശ്രീ.എസ്.സുരേഷ് കുമാർ DYSP,ശ്രീ.എം.എം.ജോസ് IOP,ശ്രീ.കെ.ബൈജുകുമാർ IOP,ശ്രീ.ഹരി വിദ്യാധരൻ IOP,ശ്രീ.പി.ബാലകൃഷ്ണൻ നായർ IOP,ശ്രീ.വി.ബാലകൃഷ്ണൻ IOP,ശ്രീ.സി.ഡി.ജോയി SI,ശ്രീ.ഷാജു.പി.വി.ASI,ശ്രീ.ലിറാർപി.പി.ASI (ഗ്രേഡ്)എന്നിവരെയാണ് ബാഡ്ജ് ഓഫ് ഓണർ ബഹുമതി നൽകി ആദരിച്ചത് .

ബാഡ്ജ് ഓഫ് ഓണർ ലഭിച്ച ഉദ്യോഗസ്ഥരെയും കുടുംബാംഗങ്ങളെയും ബഹു: വിജിലൻസ് ഡയറക്ടർ ശ്രീ.ലോക്നാഥ് ബെഹ്റ IPS അനുമോദിച്ചു.ബാഡ്ജ് ഓഫ് ഓണർ ലഭിക്കുന്നത് പ്രചോദനമായി കണ്ട് എല്ലാ ഉദ്യോഗസ്ഥരും കര്യക്ഷമമായി പ്രവർത്തിക്കണമെന്നും അദ്ദേഹം

അഭിപ്രായപ്പെട്ടു.വിജിലൻസിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥർക്ക് വേണ്ടത്ര അനുമോദനം ലഭിക്കുന്നില്ല എന്നും ഇത്തരത്തിൽ ബാഡ്ജ് ഓഫ് ഓണർ നൽകുന്നത് എല്ലാ ഉദ്യോഗസ്ഥർക്കും പ്രചോദനമാണെന്നും മുൻ വിജിലൻസ് ഡയറക്ടറും ഡിജിപിയുമായ ശ്രീ.സോമരാജൻ IPS അവർകൾ അഭിപ്രായപ്പെട്ടു..

ചടങ്ങിൽ എ.ഡി.ജി.പി ശ്രീ.ഷേയ്ക്ക് ദർവേഷ് സാഹെബ് IPS അദ്ധ്യക്ഷനായിരുന്നു സൂപ്രണ്ട് ഓഫ് പോലീസ് ഇന്റലിജൻസ് ശ്രീ.എം.എൻ.വിജയകുമാരൻ സ്വാഗതവും സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ.വി.എസ്.അജി കൃതജ്ഞതയും രേഖപ്പെടുത്തി.ചടങ്ങിൽ ശ്രീമതി.നിശാന്തിനി IPS,ഹിമേന്ദ്രനാഥ് IPS,ഗോപാലകൃഷ്ണൻ IPS എന്നിവർ പങ്കെടുത്തു.